# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

**TIME: 06.30 PM** **DATE: 02.12.2025**

## പ്രധാനവാർത്ത

1. ശീതകാലസമ്മേളനത്തിന്റെ രണ്ടാം ദിവസവും പാർലമെന്റ് പ്രക്ഷുബ്ധം. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. മണിപ്പൂർ ജി.എസ്.ടി ഭേദഗതി ബിൽ പാർലമെന്റ് പാസ്സാക്കി.

2. തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം സംസ്ഥാനത്ത് പുരോഗമിക്കുന്നു. വോട്ടിംഗ് മെഷീനുകളിലെ കാൻഡിഡേറ്റ് സെറ്റിംഗ് നാളെ മുതൽ. വോട്ടെടുപ്പ് ദിവസങ്ങളിൽ പൊതു അവധി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ.

3. കേരളത്തിൽ എസ്ഐആർ നടപടികൾ തുടരാമെന്ന് സുപ്രീംകോടതി. സമയപരിധി നീട്ടണമെന്ന ആവശ്യത്തിൽ  തിരഞ്ഞെടുപ്പ് കമ്മീഷൻ രണ്ട് ദിവസത്തിനകം തീരുമാനമെടുക്കണമെന്നും നിർദ്ദേശം.

4. നാവികസേനാ ദിനാഘോഷങ്ങളിൽ പങ്കെടുക്കുന്നതിനായി രാഷ്ട്രപതി ദ്രൗപദി മുർമു നാളെ തിരുവനന്തപുരത്തെത്തും. പരിപാടിയുടെ മുന്നൊരുക്കങ്ങൾ ശംഖുമുഖത്ത് പൂർത്തിയായി.

RNU TVPM

5. ഇന്ത്യ - ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ.

## പാർലമെന്റ്

ശീതകാലസമ്മേളനത്തിന്റെ രണ്ടാം ദിവസവും പാർലമെന്റ് പ്രക്ഷുബ്ധം. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. തീവ്ര വോട്ടർ പട്ടിക പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ ഉയർത്തിയാണ് പ്രതിപക്ഷം പ്രതിഷേധിച്ചത്. രാവിലെ സഭാ സമ്മേളനം ആരംഭിച്ചപ്പോൾ തന്നെ കോൺഗ്രസ്, ഡിഎംകെ, തൃണമൂൽ ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ പ്രതിഷേധം ആരംഭിച്ചു. എസ്.ഐ.ആറിൽ അടിയന്തര ചർച്ച ആവശ്യപ്പെട്ടായിരുന്നു പ്രതിഷേധം. പ്രതിപക്ഷ ബഹളത്തിനിടെ മണിപ്പൂർ ജി.എസ്.ടി ഭേദഗതി ബിൽ പാർലമെന്റ് പാസ്സാക്കി.

RNU TVPM

## പൊതു അവധി

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം പുരോഗമിക്കുന്നു. തിരഞ്ഞെടുപ്പ് യോഗങ്ങളും, വീടുവീടാന്തരം കയറിയിറങ്ങിയുള്ള പ്രചാരണവും വാർഡുകളിൽ പുരോഗമിക്കുകയാണ്. വോട്ടെടുപ്പ് നടക്കുന്ന ദിവസങ്ങളിൽ പൊതു അവധി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ ഉത്തരവിറക്കി. ഡിസംബർ 9 ന് തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകൾക്കും, 11ന് തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള ജില്ലകൾക്കുമാണ് അവധി. എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ

സ്ഥാപനങ്ങൾക്കും അവധി ബാധകമാണ്. വാണിജ്യ സ്ഥാപനങ്ങൾക്ക് വേതനത്തോട് കൂടിയ അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

**തിരഞ്ഞെടുപ്പ് കമ്മിഷൻ (ഇൻട്രോ)**

തദ്ദേശ തിരഞ്ഞെടുപ്പിനായി വോട്ടിംഗ് മെഷീനുകളിൽ നാളെ മുതൽ കാൻഡിഡേറ്റ് സെറ്റിംഗ് നടത്തുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ.
വിശദാംശങ്ങളിലേക്ക്....
(ഹോൾഡ് വോയ്സ്........)

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

RNUTVPM

**റീൽസ് തിരഞ്ഞെടുപ്പ്**

സമൂഹ മാധ്യമങ്ങളിലൂടെയുള്ള റീൽസുകളും മറ്റ് ഉള്ളടക്കവും നിരീക്ഷിക്കുന്നത് കർശനമാക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ സൈബർ വിഭാഗത്തിന് നിർദ്ദേശം നൽകി. പ്രാദേശിക വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ പ്രചരിപ്പിക്കുന്ന പാരഡി ഗാനങ്ങൾ, വോയിസ് ക്ലിപ്പുകൾ, വീഡിയോകൾ, അനിമേഷനുകൾ, ഇമേജ് കാർഡുകൾ എന്നിവ പ്രത്യേകമായി നിരീക്ഷിക്കും. അനൗൺസ്മെന്റുകളിൽ ജാതി, മതം, ഉൾപ്പെടെയുള്ള സ്വകാര്യ വിവരങ്ങൾ പരാമർശിക്കുന്നത് മാതൃകാ പെരുമാറ്റച്ചട്ട ലംഘനമാണെന്നും കമ്മിഷൻ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

**കോഴിക്കോട് പ്രചാരണം ഇൻട്രോ**

തദ്ദേശ തെരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ കോഴിക്കോട് കോർപ്പറേഷനിൽ പ്രചാരണം ശക്തമാക്കി മുന്നണികൾ.

വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു...

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## എസ്ഐആർ- സുപ്രീം കോടതി

കേരളത്തിൽ എസ്ഐആർ നടപടികൾ തുടരാമെന്ന് സുപ്രീംകോടതി. എന്യൂമറേഷൻ ഫോമുകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിൽ, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ രണ്ട് ദിവസത്തിനകം തീരുമാനമെടുക്കണമെന്നും കോടതി നിർദേശിച്ചു. തദ്ദേശതിരഞ്ഞെടുപ്പ് നടക്കുന്ന സാഹചര്യത്തിൽ സമയപരിധി നീട്ടണമെന്ന ആവശ്യം ന്യായമാണെന്നും ചീഫ് ജസ്റ്റിസ് ഉൾപ്പെട്ട ബെഞ്ച് നിരീക്ഷിച്ചു. ഫോമുകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി ഡിസംബർ 4 ൽ നിന്നും 11 ലേക്ക് ഇതിനകം നീട്ടിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ കോടതിയെ അറിയിച്ചു. തിരഞ്ഞെടുപ്പ് ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് ഫോമുകൾ അപ്‌ലോഡ് ചെയ്യാൻ മതിയായ സമയം നൽകണമെന്നും സുപ്രീംകോടതി വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## നാവിക ദിനം (ഇൻട്രോ)

PINU TVPM

നാവികസേനാ ദിനാഘോഷങ്ങൾക്ക് ഒരുങ്ങി തിരുവനന്തപുരം. ശംഖുമുഖത്ത് നാളെ വൈകുന്നേരം 4.30 മുതൽ നടക്കുന്ന നാവികാഭ്യാസ പ്രകടനങ്ങളിൽ രാഷ്ട്രപതി ദ്രൗപദി മുർമു മുഖ്യാതിഥിയായി പങ്കെടുക്കും. നാവികസേനാ മേധാവി അഡ്മിറൽ ദിനേഷ് കെ ത്രിപാഠി ആഘോഷ പരിപാടികൾക്ക് ആതിഥേയത്വം വഹിക്കും..

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..**

**(വോയിസ്)**

നാവികസേനാ ദിനാഘോഷങ്ങളിൽ പങ്കെടുക്കുന്നതിനായി നാളെ വൈകുന്നേരം തിരുവനന്തപുരത്തെത്തുന്ന രാഷ്ട്രപതി ലോക്ഭവനിൽ തങ്ങിയ ശേഷം മറ്റന്നാൾ രാവിലെ ഡൽഹിക്ക് മടങ്ങും. പരിപാടിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരത്തിൽ നാളെ ഉച്ചയ്ക്ക് 12 മണി മുതൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

RNU TVPM

**ബ്രഹ്മോസ്**

ബ്രഹ്മോസ് എയ്റോസ്പേസിനായി തിരുവനന്തപുരത്തെ തുറന്ന ജയിലിന്റെ സ്ഥലം അനുവദിക്കാൻ കേരള സർക്കാരിന് സുപ്രീം കോടതിയുടെ അനുമതി. നെട്ടുകാൽത്തേരി തുറന്ന ജയിലിന്റെ 180 ഏക്കർ ഭൂമി ബ്രഹ്മോസിനും 45 ഏക്കർ സശസ്ത്ര സീമ ബലിനും 32 ഏക്കർ ദേശീയ ഫോറൻസിക് സയൻസ് ലബോറട്ടറി സ്ഥാപിക്കാനും വിട്ടു നൽകാമെന്ന് കോടതി അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

**ശബരിമല**

വെർച്വൽ ക്യൂ വഴി ശബരിമലയിലേക്ക് വരുന്ന തീർത്ഥാടകർ ബുക്ക് ചെയ്ത ദിവസം തന്നെ ദർശനത്തിന് എത്തണമെന്ന് സന്നിധാനം സ്പെഷ്യൽ പോലീസ് ഓഫീസർ . വേറെ ദിവസങ്ങളിൽ ടോക്കണുമായി എത്തുന്നത് തിരക്ക് നിയന്ത്രിക്കുന്നതിൽ പ്രയാസം സൃഷ്ടിക്കുന്നതായും അദ്ദേഹം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

**കാനത്തിൽ ജമീല**

കഴിഞ്ഞ ദിവസം കോഴിക്കോട് അന്തരിച്ച കാനത്തിൽ ജമീല MLAക്ക് നാടിന്റെ യാത്ര മൊഴി. ഭൗതികദേഹം അത്തോളി കുനിയിൽ കടവ് ജുമാ മസ്ജിദ് ഖബർസ്ഥാനിൽ ഖബറടക്കി. കൊയിലാണ്ടി ടൗൺ ഹാളിൽ പൊതു ദർശനത്തിന് വെച്ച ഭൗതിക ദേഹത്തിൽ മന്ത്രിമാരും രാഷ്ട്രീയ നേതാക്കളുമടക്കം സമൂഹത്തിന്റെ നാനാതുറയിൽ നിന്നും നിരവധിപ്പേർ അന്ത്യാഞ്ജലി അർപ്പിച്ചു.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

**രാഹുൽ മാങ്കൂട്ടത്തിൽ**

ലൈംഗിക പീഡന കേസിൽ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയുടെ മുൻകൂർ ജാമ്യാപേക്ഷ തിരുവനന്തപുരം ജില്ലാ സെഷൻസ് കോടതി നാളെ പരിഗണിക്കും. അടച്ചിട്ട മുറിയിൽ വാദം കേൾക്കണമെന്നാണ് രാഹുലിന്റെ ആവശ്യം. കേസ്

എടുത്തതിന് പിന്നാലെ ഒളിവിൽപ്പോയ രാഹുൽ മാങ്കൂട്ടത്തിലിനെ പിടികൂടുന്നതിനുള്ള ശ്രമം പൊലീസ് ഊർജിതമാക്കി. തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ച് പോലീസ് പരിശോധന തുടരുകയാണ്. അതിനിടെ രാഹുൽ മാങ്കൂട്ടത്തിലിനെതിരെ മറ്റൊരു യുവതി കൂടി പീഡന പരാതി നൽകി. കെ പി സി സി പ്രസിഡൻ്റിന് ലഭിച്ച പരാതി ഒരുമണിക്കൂറിനുള്ളിൽ ഡിജിപിയ്ക്ക് കൈമാറിയതായി പ്രതിപക്ഷ നേതാവ് വി ഡി സതീശൻ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ചക്കുളത്ത്കാവ് പൊങ്കാല

ചക്കുളത്ത്കാവ് പൊങ്കാലയോടനുബന്ധിച്ച് തിരുവല്ല താലൂക്ക് പരിധിയിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മറ്റന്നാൾ പ്രദേശിക അവധി. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റമില്ല.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ക്രിക്കറ്റ്

ഇന്ത്യ - ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ റായ്പുരിൽ നടക്കും. ഉച്ചയ്ക്ക് 1.30 നാണ് കളി ആരംഭിക്കുക. റാഞ്ചിയിൽ നടന്ന ആദ്യ കളിയിൽ ദക്ഷിണാഫ്രിക്കയെ 17 റൺസിന് പരാജയപ്പെടുത്തിയതിന്റെ ആത്മവിശ്വാസത്തിലാണ് ടീം ഇന്ത്യ.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

**മഴ**

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ഇടുക്കി, എറണാകുളം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

**മൂഴിയാർ ഡാം**

പത്തനംതിട്ട മൂഴിയാർ ഡാമിന്റെ ജലനിരപ്പ് റെഡ് അലർട്ട് പരിധിയിൽ എത്തിയതായും, പരമാവധി ജലനിരപ്പെത്തിയാൽ ഡാമിന്റെ ഷട്ടറുകൾ ഉയർത്തുമെന്നും ജില്ലാ കളക്ടർ. കക്കാട്ടാറിന്റെ ഇരുകരയിലും താമസിക്കുന്നവർ ജാഗ്രത പുലർത്തണം.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

**ഓഹരി**

ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 503 പോയിൻറ് താഴ്ന്ന് 85,138 ലും , നിഫ്റ്റി 143 പോയിൻറ് ഇടിഞ്ഞ് 26,032 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വില കുറഞ്ഞു. പവന് 95,240 രൂപയും ഗ്രാമിന് 11,905 രൂപയുമാണ് ഇന്നത്തെ വില.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

**ക്വാലാലംപൂർ സർവീസ്**

മലേഷ്യ എയർലൈൻസ് തിരുവനന്തപുരം-ക്വാലാലംപൂർ സർവീസ് എല്ലാ

ദിവസവുമാക്കി വർദ്ധിപ്പിച്ചു. ഇതുവരെ ആഴ്ചയിൽ 5 ദിവസമാണ് സർവീസ് നടത്തിയിരുന്നത്. ഇതോടെ തിരുവനനന്തപുരം വിമാനത്താവളത്തിൽ നിന്ന് കാലാലംപൂരിലേക്ക് ആഴ്ചയിൽ 11 സർവീസുകൾ ആകും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

**ഗവർണർ**

മാതൃഭാഷയിൽ വിദ്യാഭ്യാസം ആർജ്ജിക്കുന്നതിന്റെ പ്രാധാന്യം വളരെ വലുതാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ ആദ്യ റെയിൽവേ മന്ത്രിയായും, തുടർന്ന് ധനകാര്യ മന്ത്രിയായും, കേരള സർവകലാശാലയുടെ വൈസ് ചാൻസിലറായും സേവനമനുഷ്ഠിച്ച ഡോ. ജോൺ മത്തായിയെക്കുറിച്ച്, ശ്രീ ഭക്തിയാർ കെ. ദാദാബായ് തയ്യാറാക്കിയ 'ഓണസ്റ്റ് ജോൺ' എന്ന ജീവചരിത്രഗ്രന്ഥം പുറത്തിറക്കുകയായിരുന്നു അദ്ദേഹം.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

**കണ്ണൂർ- പ്രശ്നബാധിത ബൂത്ത്**

തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ കണ്ണൂരിലെ പ്രശ്നബാധിത ബൂത്തുകൾ നിർണയിച്ചതിൽ അപാകതയുണ്ടെന്ന് ആരോപിച്ച് യു ഡി എഫ് നേതാക്കൾ. മുൻ തിരഞ്ഞെടുപ്പുകളിൽ സംഘർഷം ഉണ്ടായ പല ബൂത്തുകളും പ്രശ്ന ബാധിത ബൂത്തുകളുടെ ലിസ്റ്റിലില്ലെന്നും ഇത് സംബന്ധിച്ച് ജില്ലാ കളക്ടർക്ക് പരാതി നൽകിയതായും ഡിസിസി പ്രസിഡന്റ് മാർട്ടിൻ ജോർജ്ജ് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## യൂത്ത് വോട്ടിങ് ഫെസ്റ്റിവൽ

ഇടുക്കി കുട്ടിക്കാനം മരിയൻ കോളേജിൽ 'യൂത്ത് വോട്ടിങ് ഫെസ്റ്റിവൽ' സംഘടിപ്പിച്ചു. തദ്ദേശ തിരഞ്ഞെടുപ്പ് ബോധവൽക്കരണ പരിപാടിയായ ലീപ്പും ഇടുക്കി ജില്ലാ ശുചിത്വ മിഷനും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.

RNU TVPM